കർത്താവിൻ വരവിൽ നമ്മെ എടുത്തിടുമ്പോൾ
കഷ്ടനഷ്ട ശോധനകൾ മാറിപ്പോയിടും
കർത്താവിന്റെ കരമന്നു തുടച്ചിടുമ്പോൾ
കണ്ണുനീരും വേദനയും തീർന്നുപോയിടും

ആമേൻ കർത്താവേ വേഗം വരണേ
ആമേൻ കർത്താവേ നിൻ രാജ്യം വരണേ

കൂടാരമാകും ഭൗമഭവന
കൂടുവിട്ടു പറന്നുപോകും
കൈപ്പണിയല്ലാത്ത നിത്യഭവനം
കർത്താവൊരുക്കുന്നു നമുക്കായ് 2

ആമേൻ

കുഞ്ഞാട്ടിൻ കല്ല്യാണം അടുത്തുവല്ലോ
കാത്തിരിക്കുന്ന വിശുദ്ധരെ
കർത്താവിൻ ഗംഭീരനാദം കേൾക്കുമ്പോൾ
കർത്തനോടു കൂടെ പോകും നാം

ആമേൻ

കാലം കഴിയും ഈ ലോകമഴിയും
കാൺമതെല്ലാം മാറിപ്പോയീടും
കർത്താവിൻ യുഗം വെളിപ്പെടുമ്പോൾ
കാണും തിരുമുഖം നിത്യമായ് 2

ആമേൻ കർത്താവേ .................. 2
കർത്താവിൻ വരവിൽ .............. 1
ആമേൻ കർത്താവേ ................. 4